## മധുരമായ കുട്ടികളേ– നിങ്ങൾക്ക് ഇപ്പോൾ മൂന്നാമത്തെ നേത്രം ലഭിച്ചു, അതിനാൽ ഇപ്പോൾ നിങ്ങളുടെ കണ്ണുകൾ ആരിലും മുങ്ങിപ്പോകരുത്.

**ചോദ്യം–** ആർക്കാണോ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യമുള്ളത് അവരുടെ ലക്ഷണം എന്തായിരിക്കും?
**ഉത്തരം–** അവർ തന്റെ എല്ലാം ബാബയിൽ അർപ്പിക്കും, എന്റേതായി ഒന്നുമില്ല. ബാബാ ഈ ദേഹവും എന്റേതല്ല, ഇത് പഴയ ദേഹമാണ്, ഇതിനേയും ഉപേക്ഷിക്കണം. അവർക്ക് എല്ലാവരോടുമുള്ള മോഹം മുറിഞ്ഞുകൊണ്ടിരിക്കും, നഷ്ടോമോഹയായിരിക്കും. ഇവിടെയുള്ള ഒന്നും പ്രയോജനമുള്ളതല്ല, എന്തെന്നാൽ എല്ലാം പരിധിയുള്ളതാണ് എന്നത് അവരുടെ ബുദ്ധിയിൽ ഉണ്ടായിരിക്കും.

**ഓം ശാന്തി.** ബാബ കുട്ടികൾക്ക് ബ്രഹ്മാണ്ഢത്തിന്റേയും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനം കേൾപ്പിക്കുകയാണ്. ഇത് മറ്റാർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ഒരു ഗീതയേയുള്ളു, അതിൽ രാജയോഗത്തെക്കുറിച്ച് വർണ്ണിച്ചിട്ടുണ്ട്, ഭഗവാൻ വന്ന് നരനിൽ നിന്നും നാരായണനാക്കി മാറ്റി. ഇത് ഗീതയിലല്ലാതെ മറ്റൊരു ശാസ്ത്രത്തിലുമില്ല. ഇതും ബാബ പറഞ്ഞുതന്നിട്ടുണ്ട്, പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ചിരുന്നു. ഈ ജ്ഞാനം പരമ്പരയായി നടന്നുവരുന്നതല്ല എന്നതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബാക്കി ധർമ്മങ്ങൾ സ്ഥാപന ചെയ്യുന്നതിനായി വരുമ്പോൾ എല്ലാം നശിച്ചുപോകാൻ വിനാശം ഉണ്ടാകുന്നില്ല. ഭക്തിമാർഗ്ഗത്തിൽ ശാസ്ത്രങ്ങൾ പഠിച്ചുവന്നു, ബ്രാഹ്മണ ധർമ്മത്തിന്റെ ശാസ്ത്രമാണ് ഗീത, പക്ഷേ അതും ഭക്തിമാർഗ്ഗത്തിലാണ് നിർമ്മിക്കുന്നത് എന്തുകൊണ്ടെന്നാൽ സത്യയുഗത്തിൽ ഒരു ശാസ്ത്രവും ഉണ്ടായിരിക്കില്ല ബാക്കി ധർമ്മങ്ങളുടെ സമയത്ത് വിനാശം ഉണ്ടാകുന്നില്ല. പഴയ ലോകം അവസാനിക്കുന്നില്ല പുതിയത് ഉണ്ടാകാൻ. അതുതന്നെ നടന്നുവരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ ഈ പഴയ ലോകം വിനാശമാകണം. നമുക്ക് ബാബ പഠിപ്പിച്ചുതരികയാണ്. ഒരു ഗീതയുടെ മഹിമയുമുണ്ട്. ഗീതാ ജയന്തിയും ആഘോഷിക്കുന്നുണ്ട്. വേദങ്ങളുടെ ജയന്തിയില്ല. ഭഗവാൻ ഒന്നേയുള്ളു എങ്കിൽ ഒരാളുടെ ജയന്തിയാണ് ആഘോഷിക്കേണ്ടത്. ബാക്കി എല്ലാവരും രചനകളാണ്, അവരിൽ നിന്നും ഒന്നും കിട്ടില്ല. സമ്പത്ത് അച്ഛനിൽ നിന്നുതന്നെയാണ് ലഭിക്കുക. ചെറിയച്ഛനിൽ നിന്നൊന്നും സമ്പത്ത് ലഭിക്കുകയില്ല. ഇപ്പോൾ ഇത് നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്, പരിധിയില്ലാത്ത ജ്ഞാനം നൽകുന്നവരാണ്. ബാബ ഏതെങ്കിലും ശാസ്ത്രമല്ല കേൾപ്പിക്കുന്നത്. പറയുന്നു ഇതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഇതിന്റെയെല്ലാം സാരം നിങ്ങളെ കേൾപ്പിക്കുന്നു. ശാസ്ത്രം പഠിപ്പല്ല. പഠിപ്പിലൂടെ പദവി പ്രാപ്തമാകും, ഈ പഠിപ്പ് അച്ഛൻ കുട്ടികളെ പഠിപ്പിക്കുകയാണ്. ഭഗവാൻ കുട്ടികളോട് പറയുകയാണ്– വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം ഇതുപോലെതന്നെ സംഭവിക്കും. കുട്ടികൾക്ക് അറിയാം നാം ബാബയിലൂടെ രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിഞ്ഞുകഴിഞ്ഞു. ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഈ മുഖകമലത്തിലൂടെ കേൾപ്പിക്കുന്നു. ഇത് ഭഗവാൻ ലോൺ എടുത്ത മുഖമല്ലേ, ഇതിനെ ഗൗമുഖം എന്നും പറയുന്നുണ്ട്. വലിയ മാതാവല്ലേ. ഇവരുടെ മുഖത്തിലൂടെ ജ്ഞാനത്തിന്റെ വിവിധ വശങ്ങളാണ് പുറത്തുവരുന്നത് അല്ലാതെ വെള്ളമല്ല. ഭക്തിമാർഗ്ഗത്തിൽ പിന്നീട് ഗൗമുഖത്തിൽ നിന്നും വെള്ളം വരുന്നതായി കാണിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഭക്തിമാർഗ്ഗത്തിൽ എന്തെല്ലാമാണ് ചെയ്യുന്നത്. ഗൗമുഖത്തിൽ നിന്നും വെള്ളം കുടിക്കാനായി എത്ര ദൂരത്തേയ്ക്ക് പോകുന്നു. ഇപ്പോൾ നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയാവുകയാണ്. ഇത് അറിയാം– ബാബ കല്പ കല്പം വന്ന് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതിനായി പഠിപ്പിക്കുന്നു. എങ്ങനെയാണ് പഠിപ്പിക്കുന്നത് എന്ന് കാണുന്നില്ലേ. നിങ്ങൾ എല്ലാവരോടും ഇത് പറയുന്നു– ഭഗവാനാണ് ഞങ്ങളെ പഠിപ്പിക്കുന്നത്. ഭഗവാൻ പറയുന്നു എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. കലിയുഗത്തിൽ എത്ര അധികം മനുഷ്യരാണ്. ബാബ വന്ന് ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. നമ്മൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നവരിൽ ദൈവിക ഗുണങ്ങൾ കാണപ്പെടും. അവരിൽ ക്രോധത്തിന്റെ അംശം പോലും ഉണ്ടാകില്ല. അഥവാ എപ്പോഴെങ്കിലും ക്രോധം വന്നാൽ ഉടൻ ബാബയ്ക്ക് എഴുതും, ബാബാ ഇന്ന് എന്നിൽ നിന്നും ഈ തെറ്റുണ്ടായി. ഞാൻ ക്രോധിച്ചു, വികർമ്മം ചെയ്തു. ബാബയുമായി നിങ്ങൾക്ക് എത്ര ബന്ധമാണ്. ബാബാ ക്ഷമിക്കൂ. ബാബ പറയുന്നു ക്ഷമിക്കുക എന്ന കാര്യമില്ല. ഇനി ഇങ്ങനെയുള്ള തെറ്റ് ചെയ്യരുത്. ടീച്ചർ ആരോടെങ്കിലും ക്ഷമിക്കുമോ. രജിസ്റ്റർ കാണിക്കും– നിന്റെ സ്വഭാവം നല്ലതല്ല. പരിധിയില്ലാത്ത അച്ഛനും പറയുന്നു– നിങ്ങൾ നിങ്ങളുടെ പെരുമാറ്റം കാണുന്നുണ്ട്. ദിവസവും തന്റെ കണക്ക് നോക്ക

ണം, ആർക്കും ദുഃഖം നൽകിയില്ലല്ലോ, ആരെയും ബുദ്ധിമുട്ടിച്ചില്ലല്ലോ? ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നതിൽ സമയം എടുക്കും. ദേഹാഭിമാനം മുറിയുന്നത് വളരെ അധികം പരിശ്രമിക്കുമ്പോഴാണ്. എപ്പോൾ സ്വയം ദേഹിയാണെന്ന് മനസ്സിലാക്കുന്നുവോ അപ്പോഴേ ബാബയോടും സ്നേഹമുണ്ടാകൂ. ഇല്ലെങ്കിൽ ദേഹത്തിന്റെ കർമ്മബന്ധനത്തിൽ തന്നെ ബുദ്ധി അലഞ്ഞുകൊണ്ടിരിക്കും. ബാബ പറയുന്നു നിങ്ങൾക്ക് ശരീര നിർവ്വഹണാർത്ഥം കർമ്മവും ചെയ്യണം, അതിനുവേണ്ടി സമയം കണ്ടെത്താൻ സാധിക്കും. ഭക്തിയ്ക്കുവേണ്ടിയും സമയം കണ്ടെത്താറുണ്ടല്ലോ. മീര കൃഷ്ണന്റെ തന്നെ ഓർമ്മയിൽ ഇരുന്നല്ലോ. പുനർജന്മം ഇവിടെത്തന്നെയാണ് എടുത്തത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ പഴയ ലോകത്തോട് വൈരാഗ്യം ഉണ്ടാകുന്നു. അറിയാം ഈ പഴയ ലോകത്തിൽ ഇനി വീണ്ടും പുനർജന്മം എടുക്കേണ്ടതില്ല. ലോകം തന്നെ അവസാനിക്കാനുള്ളതാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. എങ്ങനെ ബാബയിൽ ജ്ഞാനമുണ്ടോ അതുപോലെ കുട്ടികളിലും ഉണ്ട്. ഈ സൃഷ്ടിയുടെ ചക്രം മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. ഉയർന്നതിലും ഉയർന്ന പതിത പാവനൻ ബാബയാണ്, ബാബയാണ് നമ്മളെ പഠിപ്പിക്കുന്നത് എന്നത് നിങ്ങളുടെ ബുദ്ധിയിൽ ഇരിക്കുന്നതും നമ്പർവൈസ് ആയാണ്. ഇതും നിങ്ങൾക്കേ അറിയൂ. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ 84 ജന്മങ്ങളുടെ ചക്രവുമുണ്ട്. സ്മൃതി യിലുണ്ട്– ഇപ്പോൾ ഈ നരകത്തിൽ ഇത് അന്തിമ ജന്മമാണ്, ഇതിനെയാണ് ഘോര നരകം എന്ന് പറയുന്നത്. വളരെ മോശമാണ്, അതിനാലാണ് സന്യാസിമാർ വീട് ഉപേക്ഷിച്ച് പോകുന്നത്. എന്നാൽ അത് ശരീരത്തിന്റെ കാര്യമാണ്. നിങ്ങൾ സന്യാസം ചെയ്യുന്നത് ബുദ്ധികൊണ്ടാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. എല്ലാം മറക്കേണ്ടിവരും. ഈ പഴയ മോശമായ ലോകം നശിച്ചുകഴിഞ്ഞു. വീട് പഴയതാകുമ്പോൾ പുതിയത് ഉണ്ടാക്കി തയ്യാറാക്കുന്നു അപ്പോൾ മനസ്സിൽ ഉണ്ടാകും– ഈ പഴയവീട് എന്തായാലും നശിച്ചുപോകും. ഇപ്പോൾ നിങ്ങൾ കുട്ടികൾ പഠിക്കുകയല്ലേ. അറിയാം പുതിയ ലോകത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കുറച്ച് സമയമേയുള്ളു. വളരെ അധികം കുട്ടികൾ വന്ന് പഠിക്കും. പുതിയ വീട് ഇപ്പോൾ ഉണ്ടാക്കുകയാണ്, പഴയത് കേടുവന്നുകൊണ്ടിരിക്കുകയാണ്. ഇനി കുറച്ച് ദിവസങ്ങളെ ബാക്കിയുള്ളു. നിങ്ങളുടെ ബുദ്ധിയിൽ ഈ പരിധിയില്ലാത്ത കാര്യങ്ങളുണ്ട്. ഇപ്പോൾ ഈ പഴയ ലോകത്തിൽ മനസ്സ് വെയ്ക്കുന്നില്ല. ഇതൊന്നും അവസാനം ഉപയോഗത്തിൽ വരില്ല, നമ്മൾ ഇവിടെ നിന്നും പോകുവാനാണ് ആഗ്രഹിക്കുന്നത്. ബാബയും പറയുന്നു പഴയ ലോകത്തോട് മനസ്സ് വെയ്ക്കരുത്. അച്ഛനായ എന്നെയും പിന്നെ വീടിനേയും ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ഇല്ലെങ്കിൽ ഒരുപാട് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. പദവിയും ഭ്രഷ്ടമാകും. ഞങ്ങൾ 84 ജന്മങ്ങൾ എടുത്തു എന്ന ഉണർവ് ആത്മാവിന് ഉണ്ടായി. ഇപ്പോൾ ബാബയെ ഓർമ്മിക്കണം, അപ്പോഴേ വികർമ്മങ്ങൾ വിനാശമാകൂ. ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം അപ്പോഴേ ജീവിതം ശ്രേഷ്ഠമാകൂ. ബാബയാണ് ഉയർന്നതിലും ഉയർന്നത്. ഇതും നിങ്ങൾക്കേ അറിയൂ. ബാബ നല്ലരീതിയിൽ സ്മൃതി ഉണർത്തുകയാണ്, പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് ജ്ഞാന സാഗരൻ, ബാബ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. ബാബ പറയുന്നു ഈ പഠിപ്പും പഠിക്കൂ, ശരീര നിർവ്വഹണാർത്ഥം എല്ലാം ചെയ്യുകയും ചെയ്യൂ. പക്ഷേ ട്രസ്റ്റിയായി ഇരിക്കണം.

ഏത് കുട്ടികൾക്കാണോ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യമുള്ളത് അവർ തന്റെയെല്ലാം ബാബയ്ക്ക് സമർപ്പിക്കും. എന്റേത് ഒന്നുമില്ല. ബാബാ ഈ ദേഹംപോലും എന്റേതല്ല. ഇത് പഴയ ദേഹമാണ്, ഇതിനേയും ഉപേക്ഷിക്കണം, എല്ലാത്തിനോടുമുള്ള മോഹം മുറിഞ്ഞുപോകും. നഷ്ടോമോഹയായി മാറണം. ഇതാണ് പരിധിയില്ലാത്ത വൈരാഗ്യം. അത് പരിധിയുള്ള വൈരാഗ്യമാണ്. ബുദ്ധിയിലുണ്ട് നമ്മൾ സ്വർഗ്ഗത്തിലേയ്ക്ക് പോയി അവിടെ കൊട്ടാരം നിർമ്മിക്കും. ഇവിടെയുള്ള ഒന്നും ഉപയോഗത്തിൽ വരില്ല എന്തുകൊണ്ടെന്നാൽ ഇതെല്ലാം പരിധിയുള്ളതാണ്. നിങ്ങൾ ഇപ്പോൾ പരിധിയുള്ളതിൽ നിന്നും മാറി പരിധിയില്ലാത്തതിലേയ്ക്ക് പോവുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ ഈ പരിധിയില്ലാത്ത ജ്ഞാനം മാത്രമേ ഉണ്ടാകാവൂ. ഇപ്പോൾ ബാക്കി ഒന്നിലും കണ്ണുകൾ മുങ്ങിപ്പോകരുത്. ഇപ്പോൾ തന്റെ വീട്ടിലേയ്ക്ക് പോകണം. കല്പ കല്പം ബാബ വന്ന് നമ്മെ പഠിപ്പിച്ച് പിന്നീട് കൂടെക്കൊണ്ടുപോകുന്നു. നിങ്ങൾക്ക് ഇത് പുതിയ പഠിപ്പൊന്നുമല്ല. നിങ്ങൾക്ക് അറിയാം കല്പ കല്പം നമ്മൾ പഠിക്കുന്നു. നിങ്ങളും നമ്പർവൈസ് ആണ്. മുഴുവൻ ലോകത്തിലുമായി എത്രയധികം മനുഷ്യരുണ്ട്, പക്ഷേ നിങ്ങൾ കുറച്ച് പേർക്ക് മാത്രമേ ഇത് അറിയുകയുള്ളു, പതുക്കെ പതുക്കെ ഈ ബ്രാഹ്മണരുടെ വൃക്ഷം വൃദ്ധി പ്രാപിക്കും. ഡ്രാമാപ്ലാൻ അനുസരിച്ച് സ്ഥാപന ഉണ്ടാവുക തന്നെ വേണം. കുട്ടികൾക്ക് അറിയാം ഇത് നമ്മുടെ ആത്മീയ ഗവൺമെന്റാണ്. നമ്മൾ ദിവ്യദൃഷ്ടിയിലൂടെ പുതിയ ലോകത്തെ കാണുന്നു. അവിടേയ്ക്കുതന്നെയാണ് പോകേണ്ടത്. ഭഗവാനും ഒന്നേയുള്ളു, ഭഗവാൻ തന്നെയാണ് പഠിപ്പിക്കുന്നത്, രാജയോഗം ബാബ തന്നെയാണ് പഠിപ്പിച്ചത്. ആ സമയത്ത് യുദ്ധവും ഉണ്ടായിരുന്നു അതിലൂടെ അനേകം ധർമ്മങ്ങളുടെ വിനാശവും ഒരു ധർമ്മ

ത്തിന്റെ സ്ഥാപനയും ഉണ്ടായി. നിങ്ങൾ അവർ തന്നെയാണ്, കല്പ കല്പം നിങ്ങൾ തന്നെയാണ് പഠിച്ചത്, സമ്പത്ത് എടുത്തുവന്നു. ഓരോരുത്തർക്കും തന്റെ പുരുഷാർത്ഥം ചെയ്യണം. ഇതാണ് പരിധിയില്ലാത്ത പഠിപ്പ്. ഈ പഠിപ്പ് ഒരു മനുഷ്യനും നൽകാൻ സാധിക്കില്ല.

ബാബ ശ്യാമന്റേയും സുന്ദരന്റേയും രഹസ്യവും മനസ്സിലാക്കിത്തന്നു. നിങ്ങളും മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമ്മൾ സുന്ദരന്മാരായി മാറുകയാണ്. ആദ്യം കറുത്തവരായിരുന്നു. കൃഷ്ണൻ ഒറ്റയ്ക്കാണോ ഉണ്ടായിരുന്നത്. മുഴുവൻ രാജധാനിയും ഉണ്ടായിരുന്നല്ലോ. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മളിപ്പോൾ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾക്ക് ഈ നരകത്തോട് വെറുപ്പാണ് തോന്നുന്നത്. നിങ്ങൾ ഇപ്പോൾ പുരുഷോത്തമ സംഗമയുഗത്തിലേയ്ക്ക് വന്നിരിക്കുന്നു. ഇത്രയും പേർ വരുന്നുണ്ട് ഇതിൽ ആരാണോ കല്പം മുമ്പ് നിന്നവർ അവരേ നിൽക്കൂ. സംഗമയുഗത്തേയും നല്ലരീതിയിൽ ഓർമ്മിക്കണം. നമ്മൾ പുരുഷോത്തമർ അർത്ഥം മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. നരകം എന്താണ് സ്വർഗ്ഗം എന്താണ് എന്നതുപോലും മനുഷ്യർക്ക് അറിയില്ല. പറയുന്നു എല്ലാം ഇവിടെത്തന്നെയാണ്, ആരാണോ സുഖികൾ അവർ സ്വർഗ്ഗത്തിലാണ്, ആരാണോ ദുഃഖികൾ അവർ നരകത്തിലാണ്. അനേകം മതങ്ങളുണ്ടല്ലോ. ഒരു വീട്ടിൽ തന്നെ അനേകം മതങ്ങളാണ്. കുട്ടികളുടെമേൽ മോഹമുണ്ട് ആ ചരട് മുറിയുന്നില്ല. ഞങ്ങൾ എങ്ങനെയാണ് ഇരിക്കുന്നത് എന്നത് മോഹത്തിൽ വശപ്പെട്ടതിനാൽ മനസ്സിലാക്കുന്നില്ല. മക്കളുടെ വിവാഹം നടത്തട്ടെ എന്ന് ചോദിക്കുന്നു. പക്ഷേ കുട്ടികൾക്ക് ഈ നിയമവും മനസ്സിലാക്കിത്തന്നിട്ടുണ്ട് അതായത് നിങ്ങൾ ഒരു വശത്ത് സ്വർഗ്ഗവാസിയാകുന്നതിനായി ജ്ഞാനം എടുത്തുകൊണ്ടിരിക്കുന്നു, മറു ഭാഗത്ത് അവരെ നരകത്തിലേയ്ക്ക് തള്ളിയിടട്ടേ എന്ന് ചോദിക്കുന്നു. ചോദിച്ചാൽ ബാബ ചെയ്തുകൊടുക്കാൻ പറയും. ബാബയോട് ചോദിച്ചാൽ ബാബ മനസ്സിലാക്കിക്കൊടുക്കും അവരുടെ മോഹമാണെന്ന്. ഇപ്പോൾ ചെയ്തുകൊടുത്തില്ലെങ്കിലും അവജ്ഞ ചെയ്യും. പെൺകുട്ടിയുടേതാണെങ്കിൽ ചെയ്യുകതന്നെ വേണം, ഇല്ലെങ്കിൽ സംഗദോഷത്തിൽ പെട്ട് മോശമാകും. കുട്ടികളാണെങ്കിൽ ചെയ്യിക്കേണ്ടതില്ല. പക്ഷേ ധൈര്യം വേണമല്ലോ! ബാബ ബ്രഹ്മാ ബാബയെക്കൊണ്ട് പ്രവർത്തിപ്പിച്ചു. ഇദ്ദേഹത്തെക്കണ്ട് മറ്റുള്ളവരും ചെയ്യാൻ തുടങ്ങി. വീട്ടിലും വളരെ അധികം വഴക്കുകൾ തുടങ്ങും. ഇത് വഴക്കിന്റെ ലോകമാണ്, മുള്ളുകളുടെ കാടല്ലേ. പരസ്പരം കുത്തിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തെ പൂന്തോട്ടം എന്നാണ് പറയുന്നത്. ഇത് കാടാണ്. ബാബ വന്ന് മുള്ളുകളെ പൂക്കളാക്കുന്നു. വിരളമായാണ് ആരെങ്കിലും വരുന്നത്, പ്രദർശിനിയിൽ വലിയ കാര്യത്തിൽ ങ്ഹാ, ങ്ഹാ എന്നു പറയും എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. ഒരു കാതുകൊണ്ട് കേട്ട് മറുകാതിലൂടെ പുറത്ത് കളയും. രാജധാനി സ്ഥാപിക്കുന്നതിൽ സമയം എടുക്കുമല്ലോ. മനുഷ്യർ ഞാൻ മുള്ളാണ് എന്ന് മനസ്സിലാക്കുന്നേയില്ല. ഈ സമയത്ത് രൂപം മനുഷ്യരുടേതാണ് എന്നാൽ സ്വഭാവം കുരങ്ങിനേക്കാൾ മോശമാണ്. പക്ഷേ ഇപ്പോൾ സ്വയം ഇതാണെന്ന് മനസ്സിലാക്കുന്നില്ല അതിനാൽ ബാബ പറയുന്നു തന്റെ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. അഥവാ മനസ്സിലാക്കുന്നില്ലെങ്കിൽ പിന്നെ ഓടിച്ചുവിടണം. പക്ഷേ ആ ശക്തി വേണം. മോഹത്തിന്റെ കീടം ഇത്രയും ശക്തമാണ് അത് പോകുന്നില്ല. ഇവിടെ നഷ്ടോമോഹയായി മാറണം. എന്റേത് ഒന്നേയുള്ളു, രണ്ടാമതായി ആരുമില്ല. ഇപ്പോൾ ബാബ വന്നിരിക്കുന്നു കൂടെ കൊണ്ടുപോകാൻ വേണ്ടി. പാവനമായി മാറണം. ഇല്ലെങ്കിൽ വളരെ അധികം ശിക്ഷകൾ അനുഭവിക്കും, മാത്രമല്ല പദവിയും നഷ്ടമാകും. ഇപ്പോൾ സ്വയം തന്നെ സതോപ്രധാനമാക്കി മാറ്റുവാനുള്ള സമയം മാത്രമേയുള്ളു. ശിവക്ഷേത്രങ്ങളിൽ ചെന്ന് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും- ഭഗവാൻ ഭാരതത്തെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയിരുന്നു, ഇപ്പോൾ വീണ്ടും അതായി മാറുകയാണ്, പറയുന്നു കേവലം എന്നെ മാത്രം ഓർമ്മിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഈ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യമുള്ളവരായി മാറി തന്റെയെല്ലാം അർപ്പണം ചെയ്യണം. എന്റേതായി ഒന്നുമില്ല, ഈ ദേഹം പോലും എന്റേതല്ല. ഇതിൽ നിന്നും മോഹത്തെ ഇല്ലാതാക്കി നഷ്ടോമോഹയായി മാറണം.

2) രജിസ്റ്റർ മോശമാകുന്ന തരത്തിലുള്ള ഒരു തെറ്റും ചെയ്യരുത്. സർവ്വ ദൈവീകഗുണങ്ങളും ധാരണ ചെയ്യണം, തന്റെയുള്ളിൽ ക്രോധത്തിന്റെ ഒരല്പം അംശം പോലും ഉണ്ടാകരുത്.

## വരദാനം –പറയുക, ചിന്തിക്കുക, ചെയ്യുക– ഈ മൂന്നിനെയും സമാനമാക്കുന്നവരായ ജ്ഞാനിതു ആത്മാവായി ഭവിക്കട്ടെ

ഇപ്പോൾ വാനപ്രസ്ഥഅവസ്ഥയിൽ പോകുവാനുള്ള സമയം സമീപം വന്നുകൊണ്ടിരിക്കുകയാണ്– അതിനാൽ ദുർബലതകളുടെ എന്റേതെന്ന ഭാവത്തെയും വ്യർത്ഥത്തിന്റെ കളിയെയും സമാപ്തമാക്കി പറയുക, ചിന്തിക്കുക, ചെയ്യുക– സമാനമാക്കൂ. അപ്പോൾ പറയും– ജ്ഞാനസ്വരൂപം. ആരാണോ ഇങ്ങനെ ജ്ഞാനസ്വരൂപ ജ്ഞാനിതുആത്മാക്കളാകുന്നത് അവരുടെ ഓരോ കർമവും സംസ്കാരവും ഗുണവും കർത്തവ്യവും സമർത്ഥനായ ബാബയ്ക്കു സമാനമായിരിക്കും. അവർക്ക് ഒരിക്കലും വ്യർത്ഥത്തിന്റെ വിചിത്ര കളി കളിക്കാനാവില്ല. സദാ പരമാത്മാമിലനത്തിന്റെ കളിയിൽ ബിസിയായിരിക്കും. ഒരു ബാബയുമായി മിലനമാചരിക്കും, മറ്റുള്ളവരെ ബാപ്സമാനമാക്കും.

## സ്ലോഗൻ– സേവനങ്ങളുടെ ഉണർവ് ചെറിയ ചെറിയ രോഗങ്ങളെ അപ്രത്യക്ഷമാക്കിത്തരുന്നു

**അവ്യക്തസൂചനകൾ– ആത്മീയസ്ഥിതിയിൽ കഴിയുവാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ**
അന്തർമുഖി അർത്ഥം വായുടെയും മനസിന്റെയും മൌനം വെക്കുന്നവർ. വായുടെ മൗനം ലോകത്തും ചെയ്യുന്നുണ്ട്, പക്ഷേ ഇവിടെ വ്യർത്ഥസങ്കൽപങ്ങളിൽ നിന്ന് മനസിന് മൗനമുണ്ടാകണം. ട്രാഫിക് കൺട്രോൾ ചെയ്യുമ്പോൾ വ്യർത്ഥത്തിന്റെ ട്രാഫിക്കിനെ കൺട്രോൾ ചെയ്യുന്നു. അങ്ങനെ ഇടയ്ക്കിടെ ഒരു ദിവസം മനസിന്റെ വ്യർത്ഥത്തിന്റെ ട്രാഫിക് നിയന്ത്രിക്കൂ.